ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

20 (1171) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ജലസേചന സൗകര്യം ലഭ്യമാകാത്തതിനാൽ കൃഷിയിറക്കാൻ കഴിയാതെ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ചെമ്മരുതി-മുത്താന ഏലായിലും പനയറ ഏലായിലും അയിരൂർ സങ്കേതം ഏലായിലും വർക്കല മുനിസിപ്പാലിറ്റിയിലെ കണ്ണമ്പ ഏലായിലും കൃഷി മെച്ചപ്പെടുത്തുന്നതിനുള്ള ജലസേചന സൗകര്യം ഉണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) വാമനപുരം ജലസേചനപദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വർക്കല നിയോജകമണ്ഡലത്തിലെ മണമ്പൂർ, വെട്ടൂർ, ഇലകമൺ, ഒറ്റൂർ എന്നീ പഞ്ചായത്തുകളിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ജലസേചന പദ്ധതികൾ നടക്കുന്നില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ചെമ്മരുതി-നടുതോട്-മുത്താന ഏലായിലും പനയറ, കണ്ണമ്പ എന്നീ ഏലാകളിൽ കൃഷി മെച്ചപ്പെടുത്തുന്നതിനുള്ള ജലസേചന സൗകര്യം ഉണ്ടാക്കിയിട്ടുണ്ട്. ക്രോസ്ബാർ നിർമ്മാണവും അവശേഷിക്കുന്ന പണികളും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെയ്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വാമനപുരം ജലസേചനപദ്ധതി ഇപ്പോൾ ഒരു ഇടത്തരം വിവിധോദ്ദേശ പദ്ധതിയായാണ് വിഭാവനം ചെയ്തിരിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, ചിറയിൻകീഴ്, തിരുവനന്തപുരം എന്നീ താലൂക്കുകളിലെ ജലസേചനത്തിനും കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കുന്നതിനും കുറഞ്ഞചെലവിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനും മറ്റുമാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിട്ടിരിക്കുന്നത്. 2000 ജനുവരിയിൽ സർക്കാർ ഒരു ഉന്നതാധികാര കമ്മിറ്റി രൂപീകരിക്കുകയും അതിൻപ്രകാരം വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് 2000 നവംബറിൽ തയ്യാറാക്കി സർക്കാരിന് ലഭിച്ചിട്ടുണ്ട്. 370.40 കോടി രൂപയാണ് പദ്ധതി ചെലവിന് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഈ റിപ്പോർട്ട് പരിശോധിച്ച ശേഷം കേന്ദ്രധനസഹായ ഏജൻസികളിൽനിന്നും ധനസഹായം ലഭിക്കുന്ന തരത്തിൽ ഉള്ള ഒരു വിവിധോദ്ദേശ പദ്ധതി റിപ്പോർട്ടായി മാറ്റിയെഴുതേണ്ടത് അത്യാവശ്യമാണെന്ന് കണ്ടിട്ടുണ്ട്. ഈ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവ് പ്ലാനിംഗ് ബോർഡ് ബജറ്റിൽ വകയിരുത്തുന്നതാണ് എന്ന് സമ്മതിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് ഒരു കേന്ദ്രവിദഗ്ദ്ധ ഏജൻസിയെ ഏല്പിക്കുവാനും തീരുമാനമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly